# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4981 01.07.2013-ൽ മറുപടി

### അന്യസംസ്ഥാന തൊഴിലാളികളിലെ മാവോയിസ്റ്റുകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സി. പി. മുഹമ്മദ്<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ എ. പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. ആർ. സെൽവരാജ് | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്ത് ഏതെല്ലാം പ്രദേശങ്ങളിലാണ് മാവോയിസ്റ്റ് സാന്നിദ്ധ്യമുള്ളതായി കണ്ടെത്തിയിട്ടുള്ളത് ; | (എ) കണ്ണൂർ, മലപ്പുറം, വയനാട് ജില്ലകളിലെ വനാതിർത്തി പ്രദേശങ്ങളിലാണ് മാവോയിസ്റ്റ് സാന്നിദ്ധ്യം റിപ്പോർട്ട് ചെയ്തിട്ടുള്ളത്. |
| ബി) മാവോയിസ്റ്റുകളെ ഇല്ലാതാക്കുന്നതിന് വേണ്ടി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (ബി) വനമേഖല മാവോയിസ്റ്റുകൾ താവളമാക്കി ഉപയോഗിക്കുന്നത് തടയാൻ മാവോയിസ്റ്റുകളുടെ സാന്നിദ്ധ്യം റിപ്പോർട്ടു ചെയ്തിട്ടുള്ള വനമേഖലകളിൽ പരിശോധന ശക്തമാക്കിയിട്ടുണ്ട്. മറ്റ് കരുതൽ നടപടികളും സ്വീകരിച്ച് വരുന്നു. |
| സി) അന്യസംസ്ഥാന തൊഴിലാളികളായി കേരളത്തിൽ വന്ന് ജോലി ചെയ്യുന്നവരിൽ മാവോയിസ്റ്റുകൾ ഉണ്ടോ എന്ന് കണ്ടെത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; | (സി) ഉണ്ട്. |
| ഡി) ഉണ്ടെങ്കിൽ വ്യക്തമാക്കുമോ ? | (ഡി) സംശയമുള്ള അന്യസംസ്ഥാന തൊഴിലാളികളുടെ വിവരങ്ങൾ ശേഖരിച്ച് അവരുടെ സ്വന്തം നാട്ടിലേക്ക പരിശോധനയ്ക്കായി അയച്ചു കൊടുക്കുകയും അതിന്മേൽ തുടർ നടപടികൾ സ്വീകരിച്ച് വരുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ